(ബി) സംസ്ഥാനത്തിനകത്ത് നിന്നും അധികമായി സംഭരിക്കുന്ന പാൽ ഇവിടെത്തന്നെ വൈവിധ്യവൽക്കരണത്തിലൂടെ പാൽപ്പൊടി ഉൾപ്പെടെയുള്ള ഉല്പന്നങ്ങളാക്കാൻ സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ?

മലബാർ ക്ഷീരോൽപ്പാദക യൂണിയന്റെ ഉടമസ്ഥതയിൽ, സർക്കാർ ധനസഹായത്തോടെ മലപ്പുറം ജില്ലയിൽ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മിൽമയുടെ എല്ലാ ഡയറി പ്ലാന്റുകളിലും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം നടക്കുന്നുണ്ട്.

ക്ഷീര കർഷക പെൻഷൻ

301 (3021) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഗുണഭോക്താവ് ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗമാണെങ്കിൽ ക്ഷീര കർഷക പെൻഷന് അപേക്ഷിക്കാൻ കഴിയുമോ എന്നറിയിക്കാമോ?

ഇല്ല. 6-11-2017-ലെ സ.ഉ.(കൈ) നമ്പർ 483/2017/ധന ഉത്തരവ് പ്രകാരം ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒരു പെൻഷൻ മാത്രമേ ഒരു വ്യക്തിക്ക് ലഭിക്കുകയുള്ളൂ.

കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിന് നടപടി

302 (3022) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗ സംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്തെ ക്ഷീരകർഷകർ പ്രയാസങ്ങൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് ലോക്ക്ഡൗൺമൂലം ഹോട്ടലുകളും മറ്റ് വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതിനുള്ള നിയന്ത്രണങ്ങളുള്ളതിനാൽ പാലിന്റെ വില്പന മുൻപുള്ളതിനേക്കാൾ കുറഞ്ഞതായി കാണുന്നു. ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനായി ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും ക്ഷീരസംഘങ്ങൾവഴി സംഭരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കന്നുകാലികൾക്ക് നൽകുന്ന തീറ്റയുടെ വില നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. കാലിത്തീറ്റ വില വർദ്ധനവിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം തീറ്റപ്പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. കൂടാതെ ഈ

LIBRARY ARCHIVES Kerala Legislative Assembly